(സി) ആഗോള തലത്തിൽ മരച്ചീനിക്ക് പ്രിയമേറിയതായി ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ഡി) നേരിയ തോതിൽ ഗൾഫ് രാജ്യങ്ങളിലേക്ക് മരച്ചീനി കയറ്റുമതി ചെയ്യുന്നു.

(ഇ) സംസ്ഥാനത്ത് ഇതിനകം രൂപവൽക്കരിച്ചിട്ടുള്ള കയറ്റുമതി മേഖലവഴി മരച്ചീനി കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

വരൾച്ച മൂലമുണ്ടായ കൃഷിനാശം

51 [4798] ശ്രീ. എ. കെ ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ 2003-ലെ കടുത്ത വരൾച്ചയിൽ എത്ര ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിച്ചുപോയിട്ടുണ്ട്; എത്ര ഹെക്ടർ സ്ഥലത്തെ നാണ്യ വിളകൾക്കും തോട്ട വിളകൾക്കും നാശം ഉണ്ടായിട്ടുണ്ട്; ഇതുമൂലം എത്ര ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) വരൾച്ചാ ദുരിതാശ്വാസത്തിന് കേന്ദ്രത്തിൽനിന്ന് എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സഹായം ഏതെല്ലാം രീതിയിലാണ് വിനിയോഗിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2003-ലെ കടുത്ത വരൾച്ചയിൽ സംസ്ഥാനത്താകെ 15,033 ഹെക്ടർ നെൽകൃഷി നശിച്ചുപോയിട്ടുണ്ട്. 239.20 ഹെക്ടർ സ്ഥലത്തെ നാണ്യ വിളകൾക്കും 99.86 ഹെക്ടർ തോട്ട വിളകൾക്കും നാശനഷ്ടമുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് ജില്ലകളിലായി ആകെ, ഏകദേശം 44,03,72,000 രൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ നൽകിയിരിക്കുന്നു.†

(ബി, സി) വരൾച്ചാ ദുരിതാശ്വാസത്തിന് കേന്ദ്രത്തിൽനിന്നും എസ്.ജി.ആർ.വൈ. സ്പെഷ്യൽ കംപോണന്റ് പദ്ധതിപ്രകാരം 2003 ജൂൺ മാസം വരെ വിതരണം ചെയ്യുന്നതിനായി 3 ഗഡുക്കളായി 77,000 മെട്രിക് ടൺ അരി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച അരി "ജോലിക്ക് കൂലി ഭക്ഷണം" എന്ന സ്കീമിൽ ഉൾപ്പെടുത്തി വിതരണം ചെയ്തു വരുന്നു.

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം

52 [4800] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ 2003 വർഷത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ ഏതെല്ലാം കൃഷിയാണ് പ്രകൃതിക്ഷോഭംമൂലം നശിച്ചിട്ടുള്ളത്;

(സി) ഇതിന്റെ ഫലമായി എത്ര രൂപയ്ക്കുള്ള കൃഷിനാശം സംഭവിച്ചിട്ടുണ്ട്;

(ഡി) കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലായിട്ടുണ്ട്?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly